Ons. 30/8/22



സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP No. 1063(3)/2021** *എസ്.ഐ.സി.*

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.8954/*എസ്.ഐ.സി-ജി 1/2018*)

സന്നിഹിതൻ.

എ. അബ്ദുൽ ഹക്കീം, സംസ്ഥാന വിവരാവകാശ കമ്മീഷണർ

തീയതി : 27.08.2022

| | |
|---|---|
| ശ്രീ.സലാസ് മാത്യൂ,<br>സെക്രട്ടറി,<br>സൗപർണ്ണിക പബ്ലിക്ക് ലൈബ്രറി ആർട്സ് & സ്പോർട്സ് ക്ലബ് യൂത്ത് ഡവലപ്പ്മെന്റ് സെന്റർ,<br>ഇലഞ്ഞിക്കൽ, പി.ഒ. തമ്പലമണ്ണ<br>തിരുവമ്പാടി, കോഴിക്കോട് – 673 603. | അപ്പീൽ ഹർജിക്കാരൻ |

Vs.

| | |
|---|---|
| 1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & സെക്രട്ടറി,<br>തിരുവമ്പാടി ഗ്രാമപഞ്ചായത്ത്,<br>കോഴിക്കോട്.<br>2. അപ്പീൽ അധികാരി & അസിസ്റ്റന്റ് ഡയറക്ടർ ഓഫ് പഞ്ചായത്ത്,<br>അസിസ്റ്റന്റ് ഡയറക്ടർ ഓഫ് പഞ്ചായത്ത് കാര്യാലയം,<br>സിവിൽ സ്റ്റേഷൻ, കോഴിക്കോട് 20. | എതിർകക്ഷികൾ |

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 03/03/2021 , 09/03/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 31/03/2021 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 23/04/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 21/05/2021 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 02/08/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 10/08/2021 |

## ഉത്തരവ്

ശ്രീ. സലാസ് മാത്യൂ, സെക്രട്ടറി, സൗപർണ്ണിക പബ്ലിക്ക് ലൈബ്രറി ആർട്സ് & സ്പോർട്സ് ക്ലബ് യൂത്ത് ഡവലപ്പ്മെന്റ് സെന്റർ, ഇലഞ്ഞിക്കൽ,

തമ്പലമണ്ണ, തിരുവമ്പാടി, എന്നയാൾ 2021 മാർച്ച് 3, 9 തീയതികളിൽ തിരുവമ്പാടി ഗ്രാമപഞ്ചായത്ത് എസ്.പി.ഐ.ഒ യ്ക്ക് വിവരാവകാശ നിയമപ്രകാരം നൽകിയ അപേക്ഷയിലെ 8 അന്വേഷണങ്ങളിൽ മറുപടി തൃപ്തികരമായി ലഭിക്കാത്തതിനെ തുടർന്ന് അപ്പീൽ അധികാരിയെ സമീപിച്ചെങ്കിലും അദ്ദേഹത്തിന്റെ നിർദ്ദേശം ഗ്രാമപഞ്ചായത്തിൽ പാലിക്കപ്പെടാത്തതിനെ തുടർന്ന് 2021 ആഗസ്റ്റ് 10 ന് സംസ്ഥാന വിവരാവകാശ കമ്മീഷനെ സമീപിക്കുകയാണ് ഉണ്ടായത്. അപേക്ഷകൻ രണ്ടാം അപ്പീൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 20.08.2022 ൽ കോഴിക്കോട് കളക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ നടത്തിയ ഹിയറിംഗിൽ ഈ അപ്പീൽ ഹർജി പരിഗണിച്ചു. അപേക്ഷകനും അപ്പീൽ അധികാരിയായ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറും ഹിയറിംഗിൽ ഹാജരായി.

2. അപേക്ഷകന്റെ 8 ആവശ്യങ്ങളിൽ പലതും ചോദ്യോത്തര രൂപത്തിൽ ഉള്ളതും ഉദ്യോഗസ്ഥന് സ്വന്തം നിലയിൽ മറുപടി പറയാൻ കഴിയാത്തതും നിയമം അനുശാസിക്കാത്തതുമാണ്. എന്നാൽ അപേക്ഷകന്റെ അന്വേഷണങ്ങളിൽ പലതും പഞ്ചായത്തിലെ ആസ്തി രജിസ്റ്ററുമായി ബന്ധപ്പെട്ടതാകയാൽ അതിന്റെ പകർപ്പ് അപേക്ഷകന് നൽകി ഈ വിഷയം തീർപ്പാക്കാവുന്നതാണ്. ആയത് ലഭ്യമാക്കാമെന്ന് അപ്പീൽ അധികാരി സമ്മതിച്ചിട്ടുണ്ട്. ആകയാൽ ഡിജിറ്റൽ രൂപത്തിലോ അല്ലാതെയോ തിരുവമ്പാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സൂക്ഷിപ്പ് മുതലായിട്ടുള്ള മേപ്പടി പഞ്ചായത്തിലെ ആസ്തി രജിസ്റ്ററിന്റെ പകർപ്പ് മുഴുവനായോ അല്ലെങ്കിൽ അപേക്ഷകൻ ഓഫീസിൽ വന്ന് രജിസ്റ്റർ കണ്ട് ആവശ്യപ്പെടുന്ന ഭാഗങ്ങളുടേയോ പകർപ്പ് ഫീസ് ഒന്നും ഈടാക്കാതെ ഈ ഉത്തരവ് ലഭിച്ച് 14 ദിവസത്തിനകം അപേക്ഷകനായ ശ്രീ. സലാസ് മാത്യൂവിന് നൽകുവാൻ

RIGHT TO INFORMATION

എസ്.പി.ഐ.ഒ യ്ക്ക് നിർദ്ദേശം നൽകി ഉത്തരവാകുന്നു. ഇങ്ങനെ നൽകിയ പകർപ്പിന്റെ കൈപ്പറ്റ് രസീത് എസ്.പി.ഐ.ഒ യിൽ നിന്നും ശേഖരിച്ച് അപ്പീൽ അധികാരിയായ കോഴിക്കോട് അസിസ്റ്റന്റ് ഡയറക്ടർ ഓഫ് പഞ്ചായത്ത് ഈ കമ്മീഷനിൽ നൽകേണ്ടതാണ്.

2. മേൽ പ്രസ്താവിച്ച പ്രകാരം, ഈ അപ്പീൽ ഹർജി കമ്മീഷൻ ഇന്നേ ദിവസം (2022 ആഗസ്റ്റ് മാസം 27-ാം തീയതി) ഉത്തരവാകുന്നു.

(ഒപ്പ്)
**എ. അബ്ദുൽ ഹക്കീം**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി**

*vkm*

STATE INFORMATION COMMISSION THIRUVANANTHAPURAM